## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2757** — **06.11.2019-ൽ മറുപടിയ്ക്ക്.**

# ക്ഷീരോത്പാദനമേഖലയിലെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജോർജ് എം. തോമസ്**<br>**ശ്രീ.ഡി.കെ. മുരളി**<br>**ശ്രീ.കെ.വി.വിജയദാസ്**<br>**ശ്രീ.ആന്റണി ജോൺ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷീരോത്പാദനം ലാഭകരമാക്കുന്നതിനും ഉല്പാദിപ്പിക്കുന്ന പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള-തെന്ന് വ്യക്തമാക്കാമോ; | (എ) ക്ഷീരോല്പാദനം ലാഭകരമാക്കുന്നതിന് പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br>1. തീറ്റപ്പുൽകൃഷി വികസന പദ്ധതി<br>2. കാലിത്തീറ്റ സബ്സിഡി<br>3. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം<br>a. ക്ഷീരഗ്രാമംപദ്ധതി<br>b. അവശ്യാധിഷ്ഠിത സഹായം<br>c. യന്ത്രവത്കരണം<br>d. കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം<br>e. ഹീഫർ പാർക്ക്<br>4. ക്ഷീരസംഘങ്ങൾക്കുള്ള ധന സഹായം<br>5. സമഗ്ര ഇൻഷ്വറൻസ് പദ്ധതി<br>കൂടാതെ, ക്ഷീരകർഷക ക്ഷേമ നിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, അപകട മരണത്തിനുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവാർഡ് എന്നിവയും നൽകിവരുന്നു.<br>ക്ഷീരകർഷകരുടെ പ്രധാന പ്രശ്നമായ വർദ്ധിച്ച തീറ്റ ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യവ്യക്തികൾ വശം തരിശായി കിടക്കുന്ന സ്ഥലം കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തി കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി. കൂടാതെ ഉരുക്കളേയും കർഷകരേയും കുടുംബാംഗങ്ങളേയും ഉൾപ്പെടുത്തി സമഗ്ര ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കാലിത്തീറ്റ / മിൽക്ക് ഇൻസെന്റീവ് ഉൾപ്പെടെ കർഷകർക്ക് ആവശ്യമായ പദ്ധതികൾ പ്രാദേശിക തലത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ആഫീസുകൾ, ബ്ലോക്കുതലത്തിലുള്ള ക്ഷീര വികസന യൂണിറ്റുകൾ എന്നിവ മുഖേന പാലിന് മെച്ചപ്പെട്ട വില ലഭിക്കുന്നതിനായി പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് വേണ്ട പ്രത്യേക പരിശീലന പരിപാടികൾ ക്ഷീരസംഘം തലത്തിൽ സംഘടിപ്പിക്കുന്നു.

ഉയർന്ന ഗുണനിലവാരമുള്ള പാൽ ഉല്പാദിപ്പിക്കുന്ന കർഷകരേയും, പാൽ സംഭരിക്കുന്ന ക്ഷീര സംഘങ്ങൾക്കും പ്രത്യേക പ്രോത്സാഹനങ്ങൾ നൽകുന്നുണ്ട്. എല്ലാ ക്ഷീര സംഘങ്ങളിലും ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ മാത്രം പാൽ വില നൽകുന്ന രീതി കർശനമാക്കി. പാൽ ഗുണ നിലവാരത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നതിന് 2018-19 ലും 2019-20 ലും ത്രൈമാസ ഗുണമേന്മ ജാഗ്രതയജ്ഞ പരിപാടി സംഘടിപ്പിച്ചു. ഇതിന്റെ ഫലമായി കർഷകർ ഉല്പാദിപ്പിക്കുന്ന പാലിലുള്ള ഖരപദാർത്ഥങ്ങളുടെ അളവ് വർദ്ധിപ്പിക്കുന്നതിനും അണുക്കളുടെ അളവ് കുറയ്ക്കുന്നതിനും, പാലിന്റെ സൂക്ഷിപ്പ് മേന്മ വർദ്ധിപ്പിക്കുന്നതിനും കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(ബി) വിവിധയിനം കാലിത്തീറ്റകൾക്ക് ഉണ്ടാകുന്ന വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(ബി) കാലിത്തീറ്റയുടെ വില നിർണ്ണയിക്കുന്നതിന് ഒരു വില നിർണ്ണയ സമിതി രൂപീകരിച്ചിട്ടുണ്ട്. വില നിർണ്ണയസമിതിയുടെ കൃത്യമായ ഇടപെടലുകളുടെ ഭാഗമായി കാലിത്തീറ്റയുടെ അനിയന്ത്രിതമായ വില വർദ്ധനവ് തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്.

കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത സാധനങ്ങൾ തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യതകൾ ആരായുകയാണ്. അസംസ്കൃത വസ്തുക്കൾ തദ്ദേശീയമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞാൽ കാലിത്തീറ്റ വില നിയന്ത്രിക്കാൻ സാധിക്കുന്നതാണ്.

(സി) പാലിന്റെ കൈകാര്യ ചെലവ് പരമാവധി കുറച്ച് ക്ഷീരകർഷകർക്ക് പരമാവധി വില ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പാലിന്റെ കൈകാര്യ ചെലവ് പരമാവധി കുറച്ച് ക്ഷീരകർഷകർക്ക് പരമാവധി വില ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് ക്ഷീര വികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നത്.

1. തീറ്റപ്പുൽകൃഷി പദ്ധതി
2. മിൽക്ക് ഷെഡ് പദ്ധതി
3. കാലിത്തീറ്റ ധനസഹായം

4. യന്ത്രവത്കരണത്തിനുള്ള സഹായം
5. പാലിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ.

കൂടാതെ ക്ഷീരകർഷകർക്ക് ശരിയായ വില ലഭിക്കുന്നതിന് ക്ഷീര സംഘങ്ങളിലൂടെയുള്ള പാൽ സംഭരണം സുതാര്യമാക്കുന്നതിന് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.

(ഡി) തീറ്റപ്പുൽ കൃഷി സ്വന്തമായി ചെയ്യുന്നതിന് ക്ഷീരകർഷകർക്ക് എന്തെല്ലാം ധനസഹായമാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

(ഡി) ഒരു ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് പുൽക്കടകളുടെ വില ഉൾപ്പെടെ 21,500/- രൂപ കർഷകർക്ക് ധനസഹായം നൽകുന്നുണ്ട്. കൂടാതെ പുൽകൃഷി ചെയ്യുന്നതിന് താത്പര്യമുള്ള കർഷകർക്ക് സൗജന്യമായി പുൽക്കടകളും വിതരണം ചെയ്യുന്നുണ്ട്. കൂടാതെ സർക്കാർ/ അർദ്ധ സർക്കാർ/സ്വകാര്യ വ്യക്തികൾ കൈവശം തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി തീറ്റപ്പുൽകൃഷി നടത്തുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

ക്ഷീരസംഘങ്ങൾ തീറ്റപ്പുല്ല് / വൈക്കോൽ എന്നിവ കർഷകർക്ക് സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിന് 1 ലക്ഷം രൂപ വരെ സംഘത്തിന് സബ്സിഡി നൽകുന്നതിനും, സംഘങ്ങൾ മുഖേന കുടുംബശ്രീ/സ്വാശ്രയ സംഘങ്ങൾവഴി പുൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**